LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഫിഷറീസ് വകുപ്പ് മുഖേന ചെലവഴിച്ച തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

വകുപ്പ്/ഏജൻസി	*ചെലവഴിച്ച തുക (ലക്ഷത്തിൽ)*
ഫിഷറീസ് വകുപ്പ്	50389.79
കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്	25076.00
മത്സ്യഫെഡ്	59104.05
കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ	47337.03
സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമൺ (സാഫ്)	1948.02

(ബി) മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് നൽകുന്ന അതേ നിരക്കിലും മാതൃകയിലും നൽകിവരുന്നു. സമയബന്ധിതമായും സുതാര്യമായും പദ്ധതി നടപ്പിലാക്കുന്നതിനായി 2016 ഏപ്രിൽ മുതൽ മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം ഇ-ഗ്രാന്റ്സ് മുഖേന നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ആം ആദ്മി ബീമായോജന പദ്ധതി പ്രകാരമുള്ള ഇൻഷ്വറൻസ് പദ്ധതി എൽ.ഐ.സി.യുമായി സഹകരിച്ചാണ് നടപ്പിലാക്കുന്നത്. ടി പദ്ധതി പ്രകാരമുള്ള ധനസഹായം ആശ്രിതർക്ക് ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുകയാണ് ചെയ്യുന്നത്.

ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയുടെ ക്ലെയിം ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട രേഖകളെല്ലാം പൂർണ്ണമായി സമർപ്പിച്ച് ഇൻഷ്വറൻസ് കമ്പനി പ്രസ്തുത അപേക്ഷയിൽ തീർപ്പ് കൽപ്പിച്ച് ആശ്രിതർക്കുള്ള ധനസഹായം ഫിഷറീസ് ഓഫീസർമാർ മുഖേന ചെക്കായി നൽകിവരുന്നു. ഇത് സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നുണ്ട്.

മത്സ്യത്തൊഴിലാളികൾക്ക് ടോയ്ലെറ്റുകൾ നിർമ്മിച്ചുനൽകൽ

132 (3239) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ടോയ്ലെറ്റുകൾ നിർമ്മിച്ച് നൽകാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികൾക്ക് ടോയ്ലെറ്റുകൾ നിർമ്മിക്കുന്നതിനുള്ള ധനസഹായം അനുവദിക്കുന്നതിനായി വിവിധ പദ്ധതികൾ ഫിഷറീസ് വകുപ്പ് മുഖേനയും തീരദേശ വികസന കോർപ്പറേഷൻ മുഖേനയും നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ തീരദേശ വികസന കോർപ്പറേഷൻ മുഖേന തീരദേശ മേഖലയിൽ പബ്ലിക് ടോയ്ലെറ്റുകളും നിർമ്മിച്ച് നൽകുന്നുണ്ട്.

1. വ്യക്തിഗത ടോയ്ലെറ്റ് നിർമ്മാണ ധനസഹായ പദ്ധതി

ക്രമ നമ്പർ	പദ്ധതിയുടെ പേര്	യൂണിറ്റുകളുടെ എണ്ണം
1	13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് മാതൃകാ മത്സ്യഗ്രാമം യൂണിറ്റ് കോസ്റ്റ് 20,000 രൂപ	5,450
2	13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് യൂണിറ്റ് കോസ്റ്റ് 17,500 രൂപ	2,762
3	സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി യൂണിറ്റ് കോസ്റ്റ് 17,500 രൂപ	3,013
4	മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും യൂണിറ്റ് കോസ്റ്റ് 17,500 രൂപ	3,600
	ആകെ	**14,825**

മേൽപ്പറഞ്ഞത് കൂടാതെ തീരദേശ വികസന കോർപ്പറേഷൻ മുഖേന സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ട മത്സ്യഗ്രാമങ്ങളിൽ 3,525 എണ്ണം വ്യക്തിഗത ടോയ്ലെറ്റ് നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

2. പബ്ലിക് ടോയ്ലെറ്റുകൾ

ക്രമ നമ്പർ	പദ്ധതിയുടെ പേര്	യൂണിറ്റുകളുടെ എണ്ണം
1	സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി (2012-13) (2013-14)(2014-15)	34
2	മത്സ്യ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും (2015-16)	1
	ആകെ	**35**

LIBRARY ARCHIVES Kerala Legislative Assembly

(ബി) തീരദേശ മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമായ ശുചിത്വം ഉറപ്പുവരുത്തുന്നതിനായി വ്യക്തിഗത ടോയ്ലെറ്റുകൾ നിർമ്മിക്കുന്നതിനുള്ള ധനസഹായവും പബ്ലിക് ടോയ്ലെറ്റുകൾ നിർമ്മിക്കുന്നതിനുമുള്ള പദ്ധതികളും ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. ഇതിനാവശ്യമായ ഉക ബന്ധപ്പെട്ട ഓഫീസർമാർക്കും തീരദേശ വികസന കോർപ്പറേഷനും സമയബന്ധിതമായി അനുവദിക്കുകയും പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി ഫിഷറീസ് വകുപ്പ് തലത്തിലും സർക്കാർ തലത്തിലും വിലയിരുത്തുകയും ചെയ്യുന്നു.

പത്തനംതിട്ടയിലെ വിമാനത്താവളം

133 (3240) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ല കേന്ദ്രീകരിച്ച് സ്വകാര്യ കമ്പനി വിമാനത്താവളം നിർമ്മിക്കുന്നത് സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; ഈ നീക്കത്തിന് എന്തെങ്കിലും അനുമതി നൽകിയിട്ടുണ്ടോ;

(ബി) ആറൻമുള വിമാനത്താവള സംരംഭത്തിന് മേൽപ്പറഞ്ഞ നീക്കം ഏതെങ്കിലും തരത്തിലുള്ള വിഘാതം സൃഷ്ടിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഇല്ല.

(സി) ആറന്മുള വിമാനത്താവളത്തിന് കേന്ദ്ര പ്രതിരോധ മന്ത്രാലയം നൽകിയ എൻ.ഒ.സി. പിൻവലിച്ചതിന്റെ അടിസ്ഥാനത്തിൽ ആറന്മുള വിമാന പദ്ധതിക്ക് നൽകിയ "In Principle" അംഗീകാരം പിൻവലിച്ചതായി കേന്ദ്ര വ്യോമയാന മന്ത്രാലയം അറിയിച്ചിട്ടുണ്ട്. കേന്ദ്രവനം-പരിസ്ഥിതി മന്ത്രാലയവും മറ്റ് നിയമപരമായ ഏജൻസികളും നിഷ്കർഷിക്കുന്ന എല്ലാ നിബന്ധനകളും പാലിക്കുകയാണെങ്കിൽ പദ്ധതി അനുവദിക്കാവുന്നതാണെന്നാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്.

LIBRARY ARCHIVES Kerala Legislative Assembly